**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4932      23.03.2018-ൽ മറുപടിയ്ക്ക്

**മാടായിലെ ഐ.ടി.ഐ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടിക ജാതി വികസന വകുപ്പിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മാടായി വെങ്ങരയിൽ പ്രവർത്തിക്കുന്ന ഐ. ടി. ഐ- യിൽ ഇപ്പോൾ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; ഏതൊക്കെ ട്രേഡുകളാണ് നിലവിലുള്ളത്; | (എ) | കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ-യിൽ പ്ലംബർ, പെയിന്റർ എന്നിങ്ങനെ രണ്ട് ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്. പ്ലംബർ ട്രേഡിൽ 18 വിദ്യാർത്ഥികളും, പെയിന്റർ ജനറൽ ട്രേഡിൽ 28 വിദ്യാർത്ഥികളും ഉൾപ്പെടെ ആകെ 46 പേർ പരിശീലനത്തിലുണ്ട്. |
| (ബി) | പ്രസ്തുത ഐ. ടി. ഐ- യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും പുതിയ ട്രേഡുകൾ തുടങ്ങുന്നതിനും സമർപ്പിച്ച അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) | നിലവിലുള്ള ട്രേഡുകൾക്കൊപ്പം പുതുതായി ഫിറ്റർ, മെക്കാനിക് (മോട്ടോർ സൈക്കിൾ) എന്നീ എൻ.സി.വി.റ്റി.ട്രേഡുകൾ തുടങ്ങുവാനുള്ള എല്ലാ സൗകര്യങ്ങളുമുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ 3,10,00,000/-രൂപയുടെ എസ്റ്റിമേറ്റും, പ്ലാനും ഉൾപ്പെടെ, പ്രവൃത്തി നടത്തുന്നതിനുള്ള ഭരണാനുമതിയ്ക്കായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ